മന്ത്രിമാരുടെ യാത്രാബത്ത ചെലവ്

51 (52) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) ഈ സർക്കരിന്റെ കാലത്ത് മന്ത്രിമാർ, മുഖ്യമന്ത്രി എന്നിവർ യാത്രാ ബത്തയിനത്തിൽ എത്ര തുക ചെലവഴിച്ചു ; വ്യക്തമാക്കുമോ ;

(ബി) ഓരോരുത്തരും ചെലവഴിച്ച തുക പ്രത്യേകം വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലത്ത് മന്ത്രിമാർ, മുഖ്യമന്ത്രി എന്നിവർ യാത്രാ ബത്തയിനത്തിൽ 4,79,38,633 (നാലുകോടി എഴുപത്തൊൻപതുലക്ഷത്തി മുപ്പത്തെണ്ണായിരത്തി അറുന്നൂറ്റി മുപ്പത്തിമൂന്ന്) രൂപ ചെലവഴിച്ചു.

(ബി) ഓരോരുത്തരും ചെലവഴിച്ച തുക അനുബന്ധം ആയി ചേർക്കുന്നു.

എൻഡോസൾഫാൻ പുനരധിവാസ ഗ്രാമം

52(53) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ പുനരധിവാസഗ്രാമം സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ രൂപരേഖ അന്തിമമായി തീർപ്പാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(സി) ഇതിനായി സ്ഥലം എവിടെയാണ് കണ്ടെത്തിയിട്ടുള്ളത് ; ഈ സ്ഥലം ഇതിനായി വിട്ടുനൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എൻഡോസൾഫാൻ ദുരിതബാധിതരുടെ ശാരീരികവും മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി ഒരു റീഹാബിലിറ്റേഷൻ വില്ലേജ് കാസർഗോഡ് ജില്ലയിലെ മൂളിയാർ വില്ലേജിൽ സ്ഥാപിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. പ്രസ്തുത സംവിധാനത്തിൽ വിദഗ്ധ ആരോഗ്യ പരിപാലനം, ഫിസിക്കൽ റീഹാബിലിറ്റേഷൻ, തൊഴിൽ പരിശീലനം, വൃക്ത്യാധിഷ്ഠിതമായ ശാരീരിക-മാനസിക വികസനത്തിനുള്ള കോഴ്സുകൾ, ഷോർട്ട് സ്റ്റേ തുടങ്ങിയ കാര്യങ്ങളാണ് പരിഗണനയിലുള്ളത്. ബന്ധപ്പെട്ട വിദഗ്ധ സമിതി തയ്യാറാക്കിയ സമഗ്ര പുനരധിവാസ ഗ്രാമത്തിന്റെ കരട്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly